01 FEB 2016
THIRUVANANTHAPURAM
SCHEDULED CASTE DEVELOPMENT DEPARTMENT

03917

C
1/2

**കേരള സർക്കാർ**

സംഗ്രഹം

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റി.സ 51 ൽപ്പെടുന്ന 4.0470 ഹെക്ടർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എൽ)വകുപ്പ്

ജി.ഒ. (എം.എസ്)നമ്പർ.52/2016/റവ തീയതി, തിരുവനന്തപുരം,27/01/2016

---

പരാമർശം:- ലാന്റ് റവന്യൂ കമ്മീഷണറുടെ 13/11/2014 തീയതിയിലെ എൽ. ആർ.കെ2-42571/14 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റി.സ 51 ൽപ്പെടുന്ന 4.0470 ഹെക്ടർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ നിർദ്ദേശം പരാമർശത്തിലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയ്ക്ക് ഒരു ആറിന് 18534/-രൂപ (പതിനെട്ടായിരത്തി അഞ്ഞൂറ്റിമുപ്പത്തിനാല് രൂപ മാത്രം) നിരക്കിൽ 4.0470 ഹെക്ടറിന് (404.70 ആർ) 75,00,710/- രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി എഴുനൂറ്റി പത്ത് രൂപ മാത്രം) കമ്പോളവില നിശ്ചയിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റി.സ 51 ൽപ്പെടുന്ന 4.0470 ഹെക്ടർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, പട്ടികജാതി വികസന വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

i) ഭൂമി കൈവശം വയ്ക്കുന്ന പട്ടികജാതി വികസന വകുപ്പ് തന്നെ ഭൂമിയിൽ കൈയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കേണ്ടതാണ്

ii) ഭൂമി ഉപപാട്ടത്തിന് നൽകാനോ തറവാടകകയ്ക്ക് നൽകാനോ അന്യാധീനപ്പെടുത്തുവാനോ, ഭാഗികമായി മറ്റാവശ്യങ്ങൾക്ക് അനുവദിക്കാനോ കൈമാറ്റം ചെയ്യുവാനോ, ദുരുപയോഗം ചെയ്യാനോ, ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ പാടുള്ളതല്ല;

iii) ഭൂമി അനുവദിക്കുന്ന ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

iv) നിർദ്ദിഷ്ട ഭൂമിയിൽ മരങ്ങളുണ്ടെങ്കിൽ അവ പരമാവധി നിലനിർത്തേണ്ടതും ഏതെങ്കിലും മരം മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങി നടപടിക്രമമനുസരിച്ച് മുറിക്കേണ്ടതുമാണ്.

v) മേൽപ്പറഞ്ഞ നിബന്ധനകളേതെങ്കിലും ഒന്ന് ലംഘിക്കപ്പെടുന്ന പക്ഷം നിർദ്ദിഷ്ട ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് തിരികെനിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർ നടപടികൾ കണ്ണൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ. വിശ്വാസ് മേത്ത
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ (റിക്കാർഡുകൾ സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന ഡയറക്ടറാഫീസ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
തഹസീൽദാർ, തളിപ്പറമ്പ് താലൂക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് (20/6/15 തീയതിയിലെ 1240/ബി1/2013/പജപവവിവ നമ്പർ കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (31/10/15 ലെ 69822(ഇ-126023)/വ്യയം എ 2/15/ ധനകുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ